## പതിനാലാം കേരള നിയമസഭ
### ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2100 — 16.08. 2017-ൽ മറുപടിയ്ക്ക്

**കെ.എസ്.എഫ്.ഇ. യിലെ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി**

| | ചോദ്യം<br>ഡോ.എൻ. ജയരാജ് | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ പെൻഷൻ പ്രായം വർധിപ്പിച്ച നടപടി സർക്കാർ അംഗീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | അംഗീകരിച്ചിട്ടില്ല. |
| (ബി) | ഇതു സംബന്ധിച്ച് കോടതി നിർദേശം നിലവിലുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) | കെ.എസ്.എഫ്.ഇ ജീവനക്കാരുടെ വിരമിക്കൽ പ്രായം ഉയർത്തേണ്ടതില്ലെന്ന് ബഹു.കേരള ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം വിരമിക്കൽ പ്രായമായ 58 വയസ്സിനുശേഷവും കമ്പനിയിൽ തുടർന്നവരെ ഒഴിവാക്കിയിട്ടുണ്ട്. |
| (സി) | കോടതി ഉത്തരവ് പ്രകാരം പിരിച്ചുവിട്ട ജീവനക്കാരുടെ എല്ലാ ഒഴിവുകളും അതത് റാങ്ക് ലിസ്റ്റ് കാലാവധിക്കുള്ളിൽ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ; | (സി) | കെ.എസ്.എഫ്.ഇ.യിലെ എൻട്രി കേഡർ തസ്തികകളായ ഓഫീസ് അറ്റൻഡന്റ്, അസിസ്റ്റന്റ് എന്നീ തസ്തികകളിലെ ഒഴിവുകൾ കണക്കാക്കുന്നത് ആറ് മാസത്തിലൊരിക്കൽ നടത്തപ്പെടുന്ന ബിസിനസ്സ് പുനരവലോകനങ്ങൾ ആധാരമാക്കിയാണ്. എങ്കിലും ഓഫീസ് അറ്റൻഡന്റ് തസ്തികയുടെ പി.എസ്.സി റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരാറായ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഒഴിവുകൾ പുനർനിർണ്ണയിക്കുകയും 116 പുതിയ ഒഴിവുകൾ 08.06.2017 ൽ റിപ്പോർട്ട് ചെയ്യുകയുമുണ്ടായി. ഇതിൽ കോടതി ഉത്തരവുപ്രകാരം കമ്പനിയിൽ തുടർന്ന ഓഫീസ് അറ്റൻഡന്റുമാരെ പിരിച്ചുവിടുന്നതുമൂലം ഉണ്ടായേക്കാവുന്ന പ്രതീക്ഷിത ഒഴിവുകളും ഉൾപ്പെടുത്തിയിരുന്നു. |

| | | | |
|---|---|---|---|
| (ഡി) | പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്യണമെന്ന സർക്കാർ നിർദേശം കെ.എസ്.എഫ്.ഇ. യിൽ പാലിക്കപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ഡി) യും (ഇ) യും | ഉണ്ട്. കെ.എസ്.എഫ്.ഇ യിലെ എൻട്രി കേഡർ തസ്തികകളിലെ, 2015 കലണ്ടർ വർഷം വരെയുള്ള വിരമിക്കൽ മൂലമുള്ള പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്യുകയും നിയമന നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുള്ളതാണ് തുടർന്നുള്ള വർഷങ്ങളിൽ വിരമിക്കൽ പ്രായം സംബന്ധിച്ച അന്തിമ തീരുമാനമാകാത്ത സാഹചര്യത്തിൽ വിരമിക്കുന്നവരുടെ എണ്ണം കണക്കാക്കാൻ നിർവാഹമുണ്ടായിരുന്നില്ല. |
| (ഇ) | ഏതെല്ലാം തസ്തികകളിൽ എന്നുവരെയുള്ള പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്തുവെന്ന് വിശദമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ.**